"ഭരണഭാഷ മാതൃഭാഷ"

വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ : അനുപമ T.V. IAS)

വിഷയം :- വനിത ശിശു വികസന വകുപ്പ് - സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം - അഭയകിരണം പദ്ധതി 2021-22- ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(സാധാ)നം. 296/2021/സാ.നീ.വ. തീയതി. 14.05.2021

2. ഈ കാര്യാലയത്തിലെ 11.08.2021 ലെ WEC2-7252/2021 നമ്പർ പരിപത്രം

3. ഈ കാര്യാലയത്തിലെ 07.09.2021 ലെ WEC2-7252/2021 നമ്പർ പരിപത്രം

4. കൊല്ലം DWCDO യുടെ 26/11/2021 ലെ DWCDO/D/1048/2021 നം. കത്ത്

5. പത്തനംതിട്ട DWCDO യുടെ 29/12/2021 ലെ WCD/PTA/A2/1819/21 നം.കത്ത്

6. ആലപ്പുഴ DWCDO യുടെ 09/12/2021 ലെ WCD/ALPY/A4-1220/21 നം.കത്ത്

7. ഇടുക്കി DWCDO യുടെ 10/12/2021 ലെ DWCDO/IDK/A3/1330/21 നം. കത്ത്

8. തൃശ്ശൂർ DWCDO യുടെ 15/12/2021 ലെ DWCDO/TSR/D-2607/21 നം. കത്ത്

09. മലപ്പുറം DWCDO യുടെ 10/12/2021 ലെ E-1778/21 നം. കത്ത്

10. കോഴിക്കോട് DWCDO യുടെ 10/12/2021, 03/01/20212 തീയതികളിലെ DWCDO/KKD/F-2531/21 നം. കത്തുകൾ

11. വയനാട് DWCDO യുടെ 14/12/2021 ലെ B-750/2021 നം. കത്ത്

12. കണ്ണൂർ DWCDO യുടെ 10/12/2021 ലെ DWCDO/KNR/A3-2171/21 നം. കത്ത്

13. കാസർഗോഡ് DWCDO യുടെ 10/12/2021 ലെ DWCDO/KSD/A5-1312/19 നം കത്ത്.

**ഉത്തരവ് നമ്പർ WEC2-7252/2021 തീയതി: 19/01/2022**

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയ്ക്കായി 2021-22 വർഷം 1,17,00,000/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത്

പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (1)(2)(3) പ്രകാരമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഭയകിരണം പദ്ധതി പ്രകാരം ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ഗുണഭോക്താക്കൾക്ക് ധനസഹായ അനുവദിക്കുന്നതിലേയ്ക്കായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) മുതൽ (13) വരെ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ അഭയകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ചുവടെ വിവരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം **18,45,000/-** (പതിനെട്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം) ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | 2020-21 വർഷം ധനസഹായം ലഭിച്ചവർക്ക് 2022 ഫെബ്രുവരി വരെ അനുവദിക്കേണ്ട തുക | 2021-22 വർഷം പുതുതായി അപേക്ഷിച്ചവർക്ക് അനുവദിക്കേണ്ട തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആകെ അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | കൊല്ലം | 26000 | 8000 | 4 | 34000 |
| 2 | പത്തനംതിട്ട | 221000 | 97000 | 41 | 318000 |
| 3 | ആലപ്പുഴ | 273000 | 53000 | 39 | 326000 |
| 4 | ഇടുക്കി | 22000 | 9000 | 5 | 31000 |
| 5 | തൃശ്ശൂർ | 91000 | 41000 | 16 | 132000 |
| 6 | മലപ്പുറം | 78000 | 39000 | 17 | 117000 |
| 7 | കോഴിക്കോട് | 468000 | 135000 | 78 | 603000 |
| 8 | വയനാട് | 13000 | 4000 | 2 | 17000 |
| 9 | കണ്ണൂർ | 143000 | 83000 | 31 | 226000 |
| 10 | കാസർഗോഡ് | 26000 | 15000 | 6 | 41000 |
| | **ആകെ** | **1361000** | **484000** | **238** | **1845000** |

(പതിനെട്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം)

GB

മേൽ വിവരിച്ച പ്രകാരമുള്ള തുകയായ 18,45,000/- രൂപ (പതിനെട്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്ന താണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക മാറി ഗുണഭോക്താ ക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

പരാമർശം (2)(3) പരിപത്രങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളു. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വനിതശിശു വികസന ഡയറക്ടർക്ക് വേണ്ടി

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

**പകർപ്പ്:**

1) സൂപ്രണ്ട് എ, സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2) സ്റ്റോക്ക് ഫയൽ/ സ്പെയർ

GB